പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3323 19.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ടിക്കറ്റ് വിതരണ സംവിധാനം ഒഴിവാക്കി സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് വിതരണ സംവിധാനം നടപ്പിലാക്കുന്നത് RFID റീഡറുള്ള ഇ.ടി.എമ്മുകൾ പ്രാഥമികമായി വാങ്ങേണ്ടതാണ്. ഇതിനാവശ്യമായ ഓപ്പൺ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ ഇ.ടി.എമ്മുകളിൽ റീചാർജ് ചെയ്യാൻ പറ്റുന്ന മൈഫെയർ റീചാർജ് കാർഡുകൾ പ്രാബല്യത്തിൽവരും. |
| (ബി) | ഇപ്രകാരമുള്ള പരിഷ്കാരംഎത്ര അധിക ബാദ്ധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല.<br>കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് Intelligent Transport System നടപ്പിലാക്കാൻ ഓപ്പൺ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കോമേഴ്സ്യൽ ബിഡ് ലഭിച്ചതിനുശേഷം മാത്രമേ കണക്കുകൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |
| (സി) | ടിക്കറ്റ് റാക്കുകളിൽ നിന്ന് മാറി ഇപ്പോൾ നിലവിലുള്ള ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കിയത് എന്നാണ് ; ഇതിന് എത്ര രൂപയുടെ ചെലവ് ഉണ്ടായി; | (സി) | കെ.എസ്.ആർ.ടി.സി. ഓഫ് ലൈൻ ടിക്കറ്റ് മെഷീനുകൾ നടപ്പിലാക്കിയത് 2003-ലാണ്. കെ.എസ്.ആർ.റ്റി.സി.യിൽ പ്രിൻഡഡ് ടിക്കറ്റുകൾ വാങ്ങുന്നതിന് പകരമായി ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കിയത് 2003-ലാണ്. ഇതിനായി 4000 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങുന്നതിന് 3,38,76,000 രൂപ ചെലവായിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കടബാദ്ധ്യതകൊണ്ട് പൊറുതി മുട്ടി പെൻഷൻ വിതരണം വരെ മുടങ്ങുന്ന ഈ കാലത്ത് ഇത്തരം പരിഷ്കാരങ്ങളാൽ അധിക ബാദ്ധ്യതയുണ്ടാക്കുന്നത് അഭികാമ്യമല്ലെന്ന് മനസ്സിലാക്കി ഈ പദ്ധതി ഒഴിവാക്കുമോ എന്നറിയിക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി ആധുനികവത്ക്കരണത്തിന്റെ പാതയിലാണ്. യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാകുന്നതിനും ജനകീയമാക്കുന്നതിനും PIS നടപ്പിലാക്കുന്നതിലൂടെ യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ പരിഷ്കാരങ്ങൾ അനിവാര്യമാണ്. |

**സെക്ഷൻ ഓഫീസർ**